04 ജനുവരി 2014

# പ്രധാനമന്ത്രിയുടെ പത്രസമ്മേളനത്തിലെ ഏറ്റവും പ്രധാന വാക്യം

**അരുൺ ജെയ്റ്റ്‌ലി, പ്രതിപക്ഷ നേതാവ് (രാജ്യസഭ)**

പ്രധാനമന്ത്രി മൻമോഹൻസിംഗ് മാധ്യമപ്രവർത്തകരുമായി 2014 ജനുവരി മൂന്നിനു നടത്തിയ ആശയ വിനിമയം ഏറെ വിവാദമുയർത്തി. അടുത്ത പൊതുതെരഞ്ഞെടുപ്പിനുശേഷം യുപിഎക്ക് നേതൃത്വം നൽകാൻ താനില്ലെന്നും രാഹുൽ ഗാന്ധിക്കു വേണ്ടിവാദിച്ചതും നരേന്ദ്രമോദിയെ വിമർശിച്ചതും അഴിമതി നേരിടുന്ന കാര്യത്തിൽ പരാജയപ്പെട്ടെന്നു പ്രഖ്യാപിച്ചതുംവിലക്കയറ്റത്തിലെ അഭിപ്രായവും മറ്റും ഏറെ ജനശ്രദ്ധ നേടിയിരുന്നു. ബിജെപി അത്തരം ചില വിഷയങ്ങളിൽ പ്രതികരിക്കുകയും ചെയ്തിരുന്നു.

കാശ്മീർ വിഷയത്തിൽ പത്രസമ്മേളനത്തിൽ നടത്തിയ പരാമർശം ഏറെ വിവാദമായിരുന്നു. ഒരു മാധ്യമപ്രവർത്തകൻ പാകിസ്ഥാൻ കാര്യത്തിൽ പ്രധാനമന്ത്രിയുടെ സന്നദ്ധതയെക്കുറിച്ചു ചോദിക്കുകയായിരുന്നു. കാശ്മീർ വിഷയത്തിൽ ഇന്ത്യയിലേയും പാക്കിസ്ഥാനിലേയും പ്രതിനിധികൾ ചർച്ചനടത്തിയിരുന്നെന്നും ഒരു തീരുമാനത്തിലെത്തുന്നതിനായപ്പോൾ മുഷാറഫ് മറ്റുള്ളവർക്ക് അധികാരമേൽക്കാൻ അവസരമുണ്ടാക്കുകയും അങ്ങനെ അതു സ്തംഭിക്കുകയുമായിരുന്നുവെന്നാണ് പ്രധാനമന്ത്രി വെളിപ്പെടുത്തിയത്. വഷങ്ങൾക്കു മുമ്പ് ലണ്ടനിൽ അഭയാർത്ഥിയായി കഴിയുന്ന കാലത്ത് പർവേശ് മുഷാറഫും സമാനമായ ചില സൂചനകൾ നൽകിയിരുന്നു.

എന്താണ് കാശ്മർ കാര്യത്തിലെ ആ സാധ്യതാ പരിഹാരം? ഈ ചോദ്യത്തിനുത്തരം എന്താണെന്നറിയാൻ ഇന്ത്യയിലെ ജനങ്ങൾക്ക് അവകാശമുണ്ട്.

ഇക്കാര്യത്തിൽ ഇന്ത്യയുടെ പ്രഖ്യാപിത നിലപാട് ഇതാണ്, ഇന്ത്യയുടെ അവിഭാജ്യ ഘടകമാണ് കാശ്മീർ. 1994-ൽ ഇന്ത്യൻ പാർലമെന്റ് ഏകകണ്ഠമായി അംഗകരിച്ച പ്രമേയത്തിൽ പറയുന്നത് പാക്കധിനിവേശ കാശ്മീർ ഇന്ത്യയുടെ അവിഭാജ്യ ഘടകമാണെന്നാണ്.ഒരു മൂന്നാം കക്ഷിക്കും കാശ്മീർ കാര്യത്തിൽ ഇടപെടാൻ അനുവാദമില്ലെന്നതാണ് ഇന്ത്യയുട നയം. പാക്കിസ്ഥാന് കാശ്മീർ കാര്യത്തിൽ പൂർത്തിയാകാത്ത ഒരു അജണ്ടയുണ്ട്. കാശ്മീർ ഇന്ത്യയുടെ പരമാധികാരത്തിൽ പെട്ടതാണെന്ന് അവർ അംഗീകരിച്ചിട്ടില്ല. അതു നേടുന്നതിന് അവർ യുദ്ധവും ഭീകരതയും വിനിയോഗിക്കുകയാണ്. അതിർത്തികൾ പുനർ നിർണയിക്കുന്ന കാലവും യുഗവും കഴിഞ്ഞുവെനാണ് ഇന്ത്യ ശക്തമായി വിശ്വസിക്കുന്നത്.

ജമ്മുകാശ്മീരിനു പ്രത്യേക പദവി നൽകണമെന്ന ജവഹർലാൽ നെഹ്റുവിന്റെ ദീർഘവീക്ഷണം പരാജയപ്പെട്ട തീരുമാനമായിരുന്നു എന്നാണ് താൻ വിശ്വസിക്കുന്നത്. കഴിഞ്ഞ 67 വർഷം കൊണ്ടു വ്യക്തമാകുന്നത് ഈ പ്രത്യക പദവി വാസ്തവത്തിൽ വിഘടനവാദം തന്നെയായിരുന്നുവെന്നാണ്. കോൺഗ്രസ് ആവശ്യപ്പെടുന്നത് പ്രത്യേക പദവി, നാഷണൽ കോൺഫ്രൻസിന്റെ ആവശ്യം 1953-നു മുമ്പുള്ള സ്ഥിതി, പിഡിപി പറയുന്നത് സ്വയംഭരണാവകാശം, വിജഘടനവാദികൾ പറയുന്നത് സ്വാതന്ത്ര കാശ്മീർ. ഇവരെല്ലാംതന്നെ ചെയ്യുന്നത് ഇന്ത്യയുടെ പരമാധികാരം ഇല്ലാതാക്കലാണ്. അവരുടെ എല്ലാം ലക്ഷ്യം ജമ്മു-കാശ്മീരിന് ഇന്ത്യയുടെ മറ്റു പ്രദേശങ്ങളുമായുള്ള ഭരണഘടനാ പരവും രാഷ്ട്രീയവുമായ ബന്ധം ഇല്ലാതാക്കലാണ്.

ഈ സാഹചര്യത്തിലാണ് മൻമോഹൻ സിംഗ് സർക്കാരും പാക്കിസ്ഥാൻ സർക്കാരും തമ്മിലുണ്ടായതായി അദ്ദേഹം വെളിപ്പെടുത്തിയ ഏറെക്കുറേ ധാരണയിലെത്തി എന്നു പറയുന്ന പ്രശ്നപരിഹാരം സംബന്ധിച്ച വിശദാംശങ്ങൾ എന്താണെന്ന് അറിയാൻ താൽപര്യമുണ്ടാകുന്നത്. പാക്കിസ്ഥാൻ കാശ്മീർ കാര്യത്തിൽ ഉണ്ടാക്കണമെന്നു പറയുന്ന ഇടക്കാല പ്രശ്നപരിഹാരത്തിലെ വ്യവസ്ഥകൾ ഒന്നുംതന്നെ ഇന്ത്യക്കു സ്വീകാര്യമായിട്ടുള്ളതല്ല. അതിർത്തിപരമായ സ്റ്റാറ്റസ്കോ, കാശ്മീരിലെ സൈന്യത്തെ പിൻവലിക്കൽ, നിയന്ത്രണരേഖ വഴി ആളുകൾക്കും ചരക്കും കടക്കുന്നതിനു വേണ്ടുന്ന ഇളവുകൾ വരുത്തൽ, കാശ്മീർ കാര്യത്തിൽ പരിഗണനയിലുള്ള അന്തിമ തീരുമാനങ്ങൾ എടുക്കുന്നതിനിടയ്ക്ക് താൽകാലിക തീരുമാനങ്ങൾ കൈക്കൊള്ളാൻ ഒരു മൂന്നാം കക്ഷിയെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു സമിതി രൂപീകരിക്കൽ എന്നിവയാണ് അതിലെ വ്യവസ്ഥകൾ. ചില പാക്കിസ്ഥാനി നിരീക്ഷകരും കാശ്മീരിലെ ചില ഗ്രൂപ്പുകളും ജമ്മു കാശ്മീരിൽ ഇരു രാജ്യങ്ങളുടെയും കറൻസികൾക്ക് വിനിമയ സാധുത്വം നൽകണമെന്നും ആവശ്യമുയർത്തിയിരുന്നു. ഏറെക്കുറേ എത്തിയിരിക്കുന്നുവെന്നു പറയുന്ന ധാരണയിൽ ഇതിലേതെങ്കിലും ഉൾപ്പെട്ടിട്ടുണ്ടോ എന്ന് എനിക്ക് അറിയില്ല. സത്യത്തിൽ അങ്ങനെ ആകാതിരിക്കുമെന്നു പ്രതീക്ഷിക്കുന്നു. ഇക്കാര്യത്തിൽ യാഥാർത്ഥ്യം അറിയാൻ പ്രധാനമന്ത്രിയുടെ ഓർമ്മക്കുറിപ്പുകൾ വരാൻ ഞാൻ കാത്തിരിക്കേണ്ടിവരില്ല എന്നും പ്രതീക്ഷിക്കുന്നു.

സർക്കാരിന്റെ നയതന്ത്ര പ്രവർത്തനങ്ങൾ രാജ്യത്തിന്റെ പ്രഖ്യാപിത നിലപാടിൽനിന്നു മാറിക്കൊ

ണ്ടാവാൻ പാടില്ല. പാക്കിസ്ഥാൻ ആവർത്തിച്ചാവശ്യപ്പെടുന്ന മേൽപ്പറഞ്ഞ കാര്യങ്ങൾ, അതായത്, നിയന്ത്രണ രേഖയിലെ ഇളവുകളും മൂന്നാമതൊരു കക്ഷിയെ ഉൾപ്പെടുത്തിയുള്ള ചർച്ചകളുമാണ് ബ്രേക്ത്രൂ ആയി പറയുന്നതെങ്കിൽ അത് ജമ്മു-കാശ്മീർ ഒരു തർക്ക പ്രദേശമാണെന്ന് അംഗീകരിച്ചുകൊടുക്കലാകും. അത്തരമൊരു പ്രമേയത്തിനു വേണ്ടി നിർദ്ദേശം ഉയർത്തുന്നതു പോലും നമ്മുടെ നേട്ടങ്ങൾ എല്ലാം പാഴിലാക്കുകയാണ്. പാക്കിസ്ഥാൻ കാശ്മീരിൽ സ്വരുക്കൂട്ടിയിരിക്കുന്ന ഭീകര പ്രവർത്തനത്തിനുള്ള അടിസ്ഥാന സൗകര്യങ്ങൾതകർക്കാതെ അവിടെനിന്നും സൈന്യത്തെ പിൻവലിക്കുന്നതു വിനാശകരമായിരിക്കും. സർക്കാർ ഈ ലക്ഷ്യത്തിൽ പ്രവർത്തിക്കുന്നില്ലെന്നാണ് എന്റെ വിശ്വാസം.

കാശ്മീർ കാര്യത്തിൽ ഒരു പ്രമേയം ഏറെക്കുറേ ധാരണയിൽ എത്തിയിരുന്നുവെന്ന് പ്രധാനമന്ത്രി ഇതാദ്യമായി വെളിപ്പെടുത്തുമ്പോൾ ആ പരാജയപ്പെട്ട പ്രമേയത്തെ സംബന്ധിച്ച് അദ്ദേഹത്തിനുണ്ടായിരുന്ന ധാരണക്കു മുമ്പ് രാജ്യത്തെ വിശ്വാസത്തിലെടുത്തിട്ടുണ്ടാവുമോ എന്നറിയാൻ ആഗ്രഹമുമുണ്ട്. ചരിത്രത്തിനു വേണ്ടി പ്രധാനമന്ത്രിയുടെ ഭരണകാലത്തെക്കുറിച്ച് വിലയിരുത്തുമ്പോൾ ഈ വിവരങ്ങൾ ഏറെ സഹായകമാകും.